Hope is not simply wishing for better days. Hope is the confident assurance that God is faithful to every promise He has made. It reminds us that even when circumstances remain unchanged, God's character never changes. He is the same yesterday, today, and forever.

If you are in a season of waiting, don't lose heart. Keep praying. Keep trusting. Keep believing. The God who began a good work in you is still writing your story. Your waiting is not the end of the story - it is the place where faith grows, hope deepens, and God's glory will one day be revealed.

*"But those who hope in the Lord will renew their strength. They will soar on wings like eagles; they will run and not grow weary, they will walk and not be faint" (Isaiah 40:31).*

Today, choose hope over discouragement. Trust that while you are waiting, God is working. And when His perfect time arrives, you will look back and realize that every moment of waiting was preparing you for something far greater than you could have imagined.

## Quotable Quotes from Rev. Billy Graham



"You can be born in a garage, but that doesn't make you an automobile. You can be born in a Christian home, but that doesn't make you a Christian"

*"In the Bible God speaks to us; in prayer we speak to God. Both are essential".*

"Living the Christian life means striving for holiness"

*"We aren't only called to become Christians; we are called to be Christians"*

"The Christian's journey through life isn't a sprint but a marathon"

*"Every time I read the Bible, any part of the Bible - I don't care where I open up - it speaks to me. It's a living book"*

"Time is the dressing room of eternity. In the few fleeting days of life on this planet we are given the opportunity to prepare for eternity"

*"The Bible is not an option; it is a necessity. You cannot grow spiritually strong without it"*

"God has promised to supply all of our needs, but He's never promised to supply all of our greeds"

*"The whole Bible is a love story. It's a love story between God and man. God loves you!"*

"The Holy Spirit can rejuvenate a tired Christian, captivate an indifferent believer, and empower a dry church"

# Children's corner

## "Being a good neighbor"



"Let the little children come to me and do not hinder them"



Beena Aunty

Sammy was 12 years old and lived in a small fishing community by the coast. Sammy and his four friends went to school together, played together and explored the coves (Small bays formed by inlet of sea water between rocks) together. Especially during their summer vacations, they explored the coves lining the coast and the hills that were around their little town.

Sammy and his friends Benny, Jimmy, Charly and Paul made sure that they stayed together as they explored and played. At times they split up in smaller groups to explore several different coves at a time. They enjoyed watching the waves rising in the surrounding water and playing in the water.

One day Sammy and his friends found themselves in an area along the coast that they had not yet explored. They ran along excitedly. Sammy and Benny began playing tag. Suddenly they heard Jimmy yell out, "hey guys, come and see what I found"!

The other four friends ran as fast as they could towards Jimmy's voice. All of them stopped and just looked in wonder at what Jimmy found. He was standing on the edge of a small cove that was almost completely hidden from the coast and from any other inlets around. And the water in that area was full of fish swimming around freely. The fish were almost jumping onto the shore to be caught. Jimmy was standing over a huge stack of fish he had already pulled in to take to his family.

The boys were fishing and catching the biggest and the fattest fishes as though this special place would disappear any second. An unlimited quantity of fish was like unlimited money or gold to the fishing community. So, you can imagine how the friends felt strongly to keep all this information to themselves.

Then Paul said, "You know, I don't feel right keeping this to ourselves. Our parents work so hard every day, and I know that our parents can afford to buy us stuff. But maybe we should share this with the poorer families in our community". Jimmy said, "You are right. Mrs. George is raising 5 small kids by herself. We should share this with her". Though Benny worried that he may not have enough, he supported his friends.

Sammy and his friends ran to the Town Hall to inform the Town leaders of their exciting news. The leaders were surprised and happy to hear the information. They praised the boys for making the right decision to share such important information with the town.

Hebrews 13:16 reads,"and do not forget to do good and to share with others". 1 John 3:17-18 reads, "if anyone has material possessions and sees his brother in need but has no pity on him, how can the love of God be in him"?

Dear children, let us not love with just words or tongue but with actions and in truth. ●



Elizabeth Susan Oommen

*Jesus Praying*



*Naaman bathing in river Jordan*



Janessa Juban
Dubai

# हम उसकी प्रजा, वह हमारा परमेश्वर: परमेश्वर की अनंत योजना



पास्टर अमित गुरनानी, मुंबई.

वे मेरी प्रजा ठहरेंगे और मैं उनका परमेश्वर ठहरुंगा। हम पवित्र शास्त्र के आधार पर इस वाक्यांश को परमेश्वर की अपने लोगों से इच्छा और प्रतिज्ञा और आशीष के रूप में देख सकते हैं। यह परमेश्वर की प्रतिज्ञा और आशीष है जिसे हम उसकी तीव्र इच्छा के आधार पर आरंभ से देख सकते हैं, जो कि उसने मूसा और भविष्यवक्ताओं के द्वारा प्रकट की है। इसे हम पुराने नियम में इस्राएल के लिए और नए नियम में कलीसिया के लिए प्रतिज्ञा की तौर पर देख सकते हैं। परमेश्वर की यह इच्छा सिर्फ इस पृथ्वी तक ही सीमित नहीं परंतु अनंत काल लिए के योजित है। अब्राहम के साथ परमेश्वर ने बांधी हुई वाचा में परमेश्वर यह प्रकट करता है कि मैं तेरा और तेरे पश्चात तेरे वंश का भी परमेश्वर हूं और वर्षो बाद मूसा के द्वारा इस्राएलियों के लिए यह वायदा दोहराता है कि मैं तुमको अपनी प्रजा बनाने के लिए अपना लूंगा और मैं तुम्हारा परमेश्वर हूंगा(निर्ग.६:७)। और यह बात को परमेश्वर ने बारंबार पवित्र शास्त्र के अलग अलग भागों में दोहराया है (लैव्य.२६:१२; यिर्म.७:२३; २४:७; ३०:२२; ३१:१,३३; ३२:८; यहेज.११:२०; १४:११; ३६:२८; ३७:२३,२७; जक.८:८; २कुरि.६:१६; प्रका.२१:३)।

पुराने नियम में, मनुष्य के पाप के बाद परमेश्वर ने मनुष्य को अपना बनाने और बनाए रखने के लिए बलिदान ठहराये थे। मनुष्य को पवित्र करने के लिए, परमेश्वर द्वारा बलिदान एक जरिया था। परमेश्वर ने इस्राएल को मिस्र से छुड़ाया और मूसा द्वारा नैतिक, धार्मिक, नागरिक नियम व्यवस्था दी ताकि वे सारी पृथ्वी में से उसका निज धन, याजकों का राज्य और पवित्र जाति ठहरें (निर्ग.१९:५,६)। इस्राएल को दो बातें अलग और विशेष ठहराती हैं, एक जीवित परमेश्वर (निर्ग.३३:१६) और दूसरा परमेश्वर का दिया हुआ नियम (व्यव.४:७,८,३३-३९)।

नए नियम में, परमेश्वर अपने एकलौते पुत्र के बलिदान के द्वारा यहूदी, अन्य जाति सभी को अपनाता है और यीशु में अलग करने वाली बैर की दीवार को दूर करके एक देह तैयार करता है अर्थात कलीसिया (इफि.२:१३-२२)। नए नियम में हमारा नाता सिर्फ परमेश्वर और प्रजा का ना होते हुए बल्कि पिता और बेटे बेटियों को पहुंचता है।

संपूर्ण पवित्र शास्त्र में, परमेश्वर हमसे यह इच्छा रखता है कि हम धर्मी और पवित्र ठहर कर उसकी निज प्रजा हों। अपनी इच्छा पूरी करने के लिए परमेश्वर ने अपनी प्रक्रिया निर्धारित की है और अपनी योजना को सदा के लिए परिपूर्ण बनाया है।

**१. पवित्र करना**

इब्रानियों का खत यीशु मसीह के उत्तम और सिद्ध बलिदान के विषय में उल्लेख करता है। जहां पुराने नियम में बलिदान और भेंट बार-बार चढ़ाई जाती थी क्योंकि अनहोना था की बैलों और बकरों का लहू पापों को दूर करें। परंतु यीशु मसीह की देह के एक ही बार बलिदान चढ़ाए जाने के द्वारा हम पवित्र किए गए हैं और उसी का लहू हमारे विवेक को मरे हुए कामों से शुद्ध करता है ताकि हम जीवते परमेश्वर की सेवा करें। उसने दुख उठाया और मृत्यु के द्वारा पवित्र किया ताकि हम परमेश्वर के घराने के हो जायें और वह हमें भाई कहने से नहीं लजाता (२:९-१८; ९:१४; १०:४,१०)।

**२. अलगाव**

परमेश्वर ने हमें संसार में से चुनकर इसलिए पवित्र किया है कि हम उसके विशिष्ट होकर उसके लिए इस वर्तमान बुरे संसार में एक विशेष अलगाव वाला, उसकी आत्मा की अगुवाई से उसके नियमानुसार जीवन बिताएं। क्योंकि हम जीवित परमेश्वर के मंदिर हैं और हमें परमेश्वर की प्रतिज्ञाएं मिली हैं कि वह हमारे बीच बसेगा, चला फिरा करेगा; हमारा परमेश्वर होगा और हम उसके लोग होंगे, वह हमारा पिता होगा और हम उसके बेटे बेटियां होंगे। इसीलिए हम अपने आप को शरीर और आत्मा की सब मलिनता से शुद्ध करें और परमेश्वर का भय रखते हुए पवित्रता को सिद्ध करें (२ कुरि.६:१४-७:१)।

**३. परदेशी का जीवन**

परमेश्वर अब्राहम और सारा का परमेश्वर कहलाने से कभी न लजाया क्योंकि उन्होंने प्रतिज्ञा तो पायी पर प्रतिज्ञा की हुई वस्तु हासिल न की, उन्हें दूर से देखकर आनंदित हुए और मान लिया कि वे पृथ्वी पर परदेशी और बाहरी है और स्वदेश की खोज में हैं और कभी पीछे नहीं लौटे परंतु वे विश्वास से एक उत्तम अर्थात स्वर्गीय देश के अभिलाषी थे क्योंकि परमेश्वर ने उनके लिए एक नगर तैयार किया है (इब्रा.११:१३-१६)। जबकि हम भी परमेश्वर से ही पिता कहकर प्रार्थना करते हैं तो अपना शेष जीवन परदेसी की नाई भय से बिताएं और अपने बुलाने वाले के आधार पर अपनी सारी चाल चलन में पवित्र बनें (१पत.१:१३-१९)।

**४. पुत्रत्व का आत्मा**

यहूदी व्यवस्था (जो कि सिर्फ मसीह तक पहुंचने के लिए एक शिक्षक के रूप में दी गयी थी) के दासत्व से और अन्य जाति भी संसार की आदि शिक्षा और बाप-दादों से आती हुई चाल-चलन के दासत्व से स्वतंत्र किए गए हैं। इसलिए अब हमें दासत्व की आत्मा नहीं बल्कि पुत्रत्व की आत्मा मिली है। आदम ने नियम का उल्लंघन कर सारी मनुष्य जाति को पाप और मृत्यु के दासत्व में लाया परंतु मसीह ने नियम व्यवस्था की आज्ञा मानकर हमें दासत्व से छुटकारा दिलाया और परमेश्वर के कहलाने के लिए पुत्रत्व का आत्मा दिया। इसलिए हम परमेश्वर को 'हे अब्बा, हे पिता' करके संबोधित करते हैं। और जितने परमेश्वर के आत्मा के अनुसार चलाए चलते हैं, वे परमेश्वर के पुत्र हैं अर्थात परमेश्वर की आत्मा हमारी आत्मा के साथ गवाही देता है कि हम परमेश्वर की संतान हैं (गल.४:१-७; रो.८:१२-१७; १पत.१:१८,१९)। परमेश्वर की संतान होने के नाते हमारा परमेश्वर के साथ एक व्यक्तिगत और घनिष्ठ संबंध है।

**५. परमेश्वर की अनंत सफल योजना**

परमेश्वर सभी दुष्टों और शैतान का विनाश करके और दंडित करके, वर्तमान सभी बातों का अंत करेगा और इसके पश्चात् नया आकाश और नयी पृथ्वी होगी जिसमें परमेश्वर का पवित्र नगर नया यरूशलेम स्वर्ग से उतरेगा और परमेश्वर का डेरा मनुष्यों के बीच में और उनके साथ होगा। और वे हमेशा-हमेशा के लिए उसके लोग होंगे और परमेश्वर आप उनके साथ रहेगा और उनका परमेश्वर होगा। परमेश्वर हमारी आंखों से सब आंसू पोंछ डालेगा, इसके बाद मृत्यु ना रहेगी, न विलाप, न शोक, न पीड़ा रहेगी क्योंकि वह पहली सृष्टि के साथ जाती रहीं (प्रका.२१:१-४)। ●

# അവഗണനയെ ഭയപ്പെടേണ്ട



**പാസ്റ്റർ ബാബു ചെറിയാൻ**

വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു ഇത് യഹോവയാൽ സംഭവിച്ചു (മർക്കോ. 12:10).

21-ാം നൂറ്റാണ്ട് ഭയത്തിന്റെ നൂറ്റാണ്ട് ആണെന്ന് തോന്നിപ്പിക്കുംവിധം പലവിധ രോഗങ്ങളും വ്യാധികളും മനുഷ്യനെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും വർദ്ധിക്കുകയാണ്. ഓരോ ദിവസവും മരണസംഖ്യ വർദ്ധിച്ചു വരുന്നു. മനുഷ്യൻ പുറത്തിറങ്ങുവാൻ പോലും ഭയപ്പെടുന്നു.

പാറ്റയെയും, പല്ലിയെയും, പാമ്പിനെയും, പഴുതാരയെയും ഭയപ്പെടുന്ന കാലമല്ലിത്. ഇരുട്ടിനെയും ഇടിമിന്നലിനെയും, വെള്ളപ്പൊക്കത്തെയും ഭയപ്പെടണം. മനുഷ്യ മനസ്സുകൾ നീറുകയാണ്, ആശങ്കപ്പെടുകയാണ്, ആകുലപ്പെടുകയാണ്. ജീവിതത്തിലെ ജയപരാജയങ്ങളെക്കുറിച്ചുള്ള ഭയം എല്ലാക്കാലത്തുമുണ്ട്.

ലോകത്തിലെ മിക്കയാളുകളും പ്രധാനമായും രണ്ടു തരത്തിലുള്ള ഭയങ്ങളാൽ വേട്ടയാടപ്പെടുന്നതായി വായിച്ചതോർക്കുന്നു (1) തള്ളപ്പെടുമോ, അവഗണിക്കപ്പെടുമോ, ഒറ്റപ്പെടുമോ എന്ന ഭയം, (2) പരാജയപ്പെടുമോ എന്ന ഭയം. ജീവിതത്തിൽ എവിടെ തൊട്ടാലും പരാജയം നേരിട്ട അനേകരുണ്ട്. എല്ലാവരും ഭയത്തിനടിമപ്പെട്ടിരിക്കുന്നു.

വേദപുസ്തക താളുകളിൽ ഒറ്റപ്പെട്ടു പോയ ധാരാളം വ്യക്തികളെ നമുക്ക് കാണാം. പഴയ നിയമ പിതാവായ യാക്കോബ് വീടുവിട്ട് ഓടിപ്പോയവനാണ്. തള്ളപ്പെട്ടവനും മരണഭയമുള്ളവനുമായി നാടുവിടുന്നു. യോസേഫ് സഹോദരന്മാരാൽ വിൽക്കപ്പെട്ടതും അടിമയായി അന്യദേശത്ത് ചെന്ന് കാരാഗൃഹത്തിലായതും നാം വായിക്കുന്നു. മോശെ മിസ്രയീമ്യ രാജകൊട്ടാരത്തിൽ നിന്ന് എല്ലാവരാലും തള്ളപ്പെട്ടവനും ഒറ്റപ്പെട്ടവനുമായി നാടുവിടേണ്ടി വന്നു. ദാവീദ് സഹോദരന്മാരുടെയും പിതാക്കന്മാരുടെയും ദൃഷ്ടിയിൽ തള്ളപ്പെട്ട വ്യക്തിയായിരുന്നു. ഇവരുടെയൊക്കെ ജീവിതത്തിൽ ഏകാന്തത ഒരുപാട് ക്ഷതങ്ങളും മുറിവുകളുമുണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും ആ തള്ളപ്പെട്ടവരും ഒറ്റപ്പെട്ടവരും ദൈവത്താൽ പുതിയ ആരംഭങ്ങൾക്കും ചരിത്രങ്ങൾക്കും കാരണക്കാരായി. യാക്കോബ് യിസ്രായേലായി 12 ഗോത്രങ്ങൾക്ക് പിതാവായി; യോസേഫ് മിസ്രയീമിലെ മന്ത്രിയും സ്വന്ത സഹോദരങ്ങൾക്ക് രക്ഷകനുമായി.

മോശെ 25 ലക്ഷത്തോളം ജനങ്ങളുടെ വിമോചകനും ന്യായപ്രമാണത്തിന്റെ വക്താവുമായി. ദാവീദ് 40 വർഷത്തേക്ക് യിസ്രായേലിന്റെ രാജാവും തന്റെ തലമുറയും സിംഹാസനവും സ്ഥിരമാക്കപ്പെടുകയും ചെയ്തു. ഇവരെല്ലാവരും കൈവിട്ടപ്പെട്ടവരോ ഒറ്റപ്പെട്ടവരോ സകലവും പ്രതികൂലം എന്ന് പറഞ്ഞ് പരാജയം കണ്ടവരുമായിരുന്നു. പക്ഷേ അവരുടെ ദൈവ അവരെ വിജയത്തിലെത്തിക്കുകയും അനേകർക്ക് ആശ്വാസമാക്കി തീർക്കുകയും ചെയ്തു. യേശു മൂലക്കല്ലായി മാറിയതും തള്ളപ്പെടലിന് ശേഷമത്രേ. യേശുവിനെയും സഹോദരന്മാരും നാട്ടുകാരും യെഹൂദന്മാരും തള്ളിയതാണ്. എന്നാൽ മനുഷ്യർ തള്ളിയതാണെങ്കിലും ദൈവസഭയുടെ മൂലക്കല്ലായി ക്രിസ്തു മാറി. നിങ്ങൾ അനുഭവിക്കുന്ന നിന്ദയും അവഗണനയും മറ്റൊന്നിന്റെ തുടക്കത്തിലേക്ക് നിങ്ങളെ നയിക്കും. ●


If you have been blessed by this Magazine please introduce it to others.

To receive this magazine please contact :

Suvartha Publications

P.O. Box No. 17082, Tilaknagar, Chembur, Mumbai - 400 089

Mob.: 9821 33 22 73



## MATRIMONIAL

Invite marriage proposals for their born again Christian Pentecostal (Baptised and filled with 'Holy Spirit'), son, DOB: 23rd, Marh, 1999, Height: 5' 4" ft, MSc in Environmental Science, Working as a Asst. Environmental Executive at Ahmedabad.

Home town Gandhidham, Native Place Kunnamkulam, Thrissur.

**Contact : 9427899566**



## MATRIMONIAL

Invite marriage proposals for their baptized, daughter, Nazima Mohammad Sayyed, Ramabai Colony Ghatkopar. DOB :12/07/1989, Education qualifications : Bachelor of Arts, Church name: Indian Pentecostal Church Ghatkopar. Pastor Name: Thomas M. M., Baptism 10 year Church : Ghatkopar Ramabhai Colony.

**Contact No.: 9004583417**

Invite marriage proposals for their baptized, daughter, Ruchita Devendra Borge Ramabai Colony, Ghatkopar (East), Mumbai, DOB: 5th July, 1996, Height: 5 Ft, Graduated in Bachelor in Accounting and Finance, Executive MBA in Finance. Working in a private sector, Salary: 60k Church Name : IPC (Bethel Gospel Mission, Ghatkopar)

**Contact No.: 9004583417**

### നൂറ്റാണ്ടുകളിലെ ഉണർവ്വിൻ ജ്വാലകൾ - 4

# ജോർജ് ഫോക്സ്



പാസ്റ്റർ വി.പി. ഫിലിപ്പ്

ഒന്നുമില്ലായ്മയിൽ നിന്നായിരുന്നു ജോർജ് ഫോക്സ് തന്റെ പ്രസംഗ ശുശ്രൂഷയ്ക്ക് ആരംഭം കുറിച്ചത്. പ്രസംഗ ശുശ്രൂഷയ്ക്കായി പ്രത്യേകിച്ച് ഒരു പരിശീലനവും താൻ സിദ്ധിച്ചിരുന്നില്ല. ശിഷ്യത്വം സ്വീകരിപ്പാൻ ഒരു അനുയായിയും തനിക്കില്ലായിരുന്നു. പ്രസംഗിക്കുന്നതിനായി പ്രത്യേക വേദിയോ ഏതെങ്കിലും ഒരു സാമൂഹിക പ്രസ്ഥാനങ്ങളുമായി യാതൊരു ബന്ധവും ഇല്ലാതെയായിരുന്നു തന്റെ തുടക്കം. സമൂഹത്തിൽ നിലനിന്നിരുന്ന അഴിമതിക്കും അനീതിക്കുമെതിരെ ആ മാന്യദേഹം ധീരമായി പോരാടി. അതിനാൽ അദ്ദേഹം പലവുരു കഠിനമായ പീഢനങ്ങളിലൂടെ കടന്നുപോയി. ക്ഷതമേൽപ്പിക്കപ്പെട്ടു, കല്ലേറിയപ്പെട്ടു. ഇവ കൂടാതെ തടവിലാക്കപ്പെടുകയും ചെയ്തു. എന്നാലും തന്റെ പ്രസംഗം അവസാനിപ്പിക്കുവാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. ആയിരം ആയിരങ്ങൾ അദ്ദേഹത്തെ അനുധാവനം ചെയ്തു.

1624-ൽ ഇംഗ്ലണ്ടിലെ ഡ്രയിട്ടോണിലായിരുന്നു ഫോക്സ് ജനിച്ചത്. വളരെ നീതിമാനായി ജീവിതം നയിച്ച ഒരു നെയ്ത്തുകാരനായിരുന്നു ഫോക്സിന്റെ പിതാവ്. വളരെ കൃത്യനിഷ്ഠയോടെ ജീവിതം നയിച്ച ഒരു മാന്യ സ്ത്രീയായിരുന്നു ഫോക്സിന്റെ മാതാവ്. ഇങ്ങനെയുള്ള കുടുംബ പശ്ചാത്തലത്തിൽ ജനിച്ച ഫോക്സിന് നിർഭാഗ്യവശാൽ കാര്യമായ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞില്ല.

തന്റെ 11-ാമത്തെ വയസ്സിലാണ് ഫോക്സ് ദൈവത്തെ കണ്ടുമുട്ടുന്നത്. തങ്ങൾ ഉൾപ്പെട്ടുനിന്ന സഭയുടെ ആചാര്യമര്യാദകളനുസരിച്ച് ഫോക്സിനെ വളർത്താൻ മാതാപിതാക്കൾക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഫോക്സാകട്ടെ വ്യവസ്ഥാപിത സഭകളെ അങ്ങേയറ്റം വെറുത്തിരുന്നു. മാത്രമല്ല മാതാപിതാക്കൾ ഫോക്സിനെ ഒരു പാതിരിയാക്കാൻ ശ്രമിച്ചുവെങ്കിലും തങ്ങളുടെ പ്രതീക്ഷകൾക്ക് വിപരീതമായി ഫോക്സ് ഒരു ചെരിപ്പുകുത്തിയുടെ സഹായി ആയി മാറി.

ഫോക്സ് ജീവിച്ചിരുന്ന കാലത്തുണ്ടായിരുന്ന ക്രിസ്തീയ സമൂഹത്തിന്റെ ജീവിതരീതികൾ ഫോക്സിനിഷ്ടമില്ലായിരുന്നു. അധാർമ്മികതയെ സ്നേഹിച്ചിരുന്ന തന്റെ സുഹൃത്തുക്കൾ ഒരിക്കൽ തന്നോട് മദ്യപിക്കുവാൻ ആവശ്യപ്പെട്ടു. പക്ഷെ താൻ അതിൽനിന്നും തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി. എങ്കിലും അൽപം ബിയർ സേവിക്കേണ്ടി വന്നു. എന്നാൽ അന്നുരാത്രി പകൽ സംഭവിച്ച കാര്യങ്ങൾ ഓർത്ത് ഫോക്സിന് ഉറങ്ങാൻ കഴിഞ്ഞില്ല. സത്യം അറിയാനുള്ള വ്യഗ്രത ഫോക്സിന്റെ അകത്തളങ്ങളിൽ ഉടലെടുത്തു. അങ്ങനെ 1943-ൽ ഫോക്സ് തന്റെ സുഹൃത്തുക്കളെയും ബന്ധുക്കളെയും ഉപേക്ഷിച്ച് 'ആത്മീക അറിവിന്റെ വെളിച്ചത്തിനായി' അന്വേഷണം ആരംഭിച്ചു. സകലതും ഉപേക്ഷിച്ച് ഇറങ്ങിയ ഫോക്സ് വേദനാജനകമായ പല അനുഭവങ്ങളിലൂടെ തന്റെ ജീവിതം തള്ളിനീക്കി. തനിക്ക് ആശ്വാസം നൽകുമെന്നാഗ്രഹിച്ച പല പുരോഹിതന്മാരും ഫോക്സിന് കൈ ത്താങ്ങൽ നൽകിയില്ല. പുകയില പോ ലുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുവാനാണ് ചിലർ ഫോക്സിനെ ഉപദേശിച്ചത്. എന്നാൽ മറ്റു ചിലരാക ട്ടെ സങ്കീർത്തനം ആലപിക്കുവാൻ നിർദ്ദേശിച്ചു. ഇതിന് മറുപടിയായി ഫോ ക്സ് പ്രതികരിച്ചത് ഇങ്ങനെയാണ്. പുകയില ഞാൻ വെറുക്കുന്നു, സങ്കീർത്തനം ആലപിക്കുവാൻ ഉള്ള മാനസീ ക അവസ്ഥയിലല്ല ഞാൻ. വളരെ നാള ത്തെ സുദീർഘമായ യാത്രയ്ക്ക് ഒടുവിൽ 1647 ൽ ഫോക്സ് യേശുവിലൂടെ നിത്യശാന്തിയും, സമാധാനവും രുചിച്ചറിയുവാനിടായായി.

ഒരാൾ മരണത്തിൽ നന്ന് ജീവനിലേക്ക് കടക്കണമെങ്കിൽ യേശുവിൽ അടിയുറച്ച വിശ്വാസവും പ്രത്യാശയും ഉണ്ടായിരിക്കണമെന്ന് ഫോക്സ് തന്റെ അനുഭവത്തിൽ നിന്ന് മനസ്സിലാക്കി. മനുഷിക നിയമാവലികളാൽ നിബിഢമായ വ്യവസ്ഥാപിത സഭയോട് വിടവാങ്ങി. ദൈവവനചവുമായി സുവിശേഷ വയലിലേക്കിറങ്ങാൻ ഈ ആത്മീക വെളിച്ചം ഫോക്സിനെ സഹായിച്ചു. മാനുഷിക കരങ്ങളാൽ പണിയപ്പെട്ട പള്ളികളിൽ സർവ്വശക്തനായ മഹാദൈവം വസിക്കുന്നില്ല എന്ന സത്യം താൻ വിളിച്ചു പറഞ്ഞു.

അൽപമായ ആത്മീകവെളിച്ചം തനിക്ക് ലഭിച്ചുവെങ്കിലും പൂർണ്ണമായ സത്യം അന്വേഷിച്ച് ഫോക്സ് യാത്ര തുടർന്നു. താനറിഞ്ഞ സത്യം യാതൊരു മടിയും കൂടാതെ വിളിച്ചു പറയുവാൻ തയ്യാറായപ്പോൾ കുറെപേർ തന്നെ അനുഗമിക്കുവാൻ തയ്യാറായി. എന്നാൽ മറ്റു ചിലരാകട്ടെ തനിക്കെതിരെയും തിരിഞ്ഞു. ഇതിനകം ചില നിർണ്ണായക ഘട്ടങ്ങളിലൂടെ താൻ കടന്നുപോയി. ഒരിക്കൽ ഫോക്സിനെ ചിലർ പള്ളിയുടെ പടിക്കെട്ടിലേക്ക് വലിച്ചെറിയുകയും പിത്തള പുറംചട്ടയുള്ള ബൈബിൾ കൊണ്ട് തന്റെ ശരീരത്തിൽ ക്ഷതമേൽപ്പിക്കുകയും ചെയ്തു. എന്നാൽ ഇത്തരം ക്രൂരകൃത്യങ്ങൾക്കൊന്നും തന്നെ ഫോക്സിനെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ലെന്നതാണ് വാസ്തവം.

പിശാചുക്കൾ ഇടയ്ക്കിടയ്ക്ക് സന്ദർശനം നടത്താറുണ്ടെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്ന പെൻഡിൽ ഹിൽ എന്ന ഒരു മല സന്ദർശിക്കുവാൻ ഫോക്സ് തീരുമാനിച്ചു. 1652-ൽ അവിടെവച്ച് താൻ പ്രത്യേക ദൈവിക വെളിപ്പാടിനാൽ നിറയപ്പെട്ടു. അതിന് ശേഷമുള്ള തന്റെ പ്രസംഗങ്ങളിൽ ആയിരങ്ങൾ തടിച്ചുകൂടി. ഫോക്സിനെ അനഗമിച്ചവർ 'ഫ്രണ്ട്സ്' എന്ന പേരിൽ

# യിത്രോവിന്റെ ആലോചന

പാസ്റ്റർ ഡോ. പി.എം. ജോൺസൺ



മോശയുടെ അമ്മാവിയപ്പൻ യിത്രോ ഒരു മിദ്യാന്യ പുരോഹിതനായിരുന്നു. യിസ്രായേലുമായി ബന്ധമില്ലാത്ത ഒരാൾ. പക്ഷെ ദൈവവചനം വായിക്കുന്ന ഏതൊരാൾക്കും അദ്ദേഹത്തിന്റെ പ്രവൃത്തികൾ ശ്രദ്ധിക്കുമ്പോൾ അദ്ദേഹത്തോട് ബഹുമാനം തോന്നും. മിസ്രയീമിൽ നിന്നും ലക്ഷ്യമില്ലാതെ ഓടിപ്പോയ മോശയെ കൂടെ പാർപ്പിച്ചതും തൊഴിൽ നൽകിയതും കുടുംബസ്ഥനാക്കുവാൻ തന്റെ മകളെ ഭാര്യയായി കൊടുത്തതും ഒക്കെ വായിക്കുമ്പോൾ ഏതൊരു വായനക്കാരനും ആ നല്ല മനുഷ്യനോട് തന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു ആദരവ് തോന്നിയിരിക്കും. നല്ല മനഷ്യന്മാർ നമ്മുടെ സമൂഹത്തിനു പുറത്തും ഉണ്ടെന്ന കാര്യം നാം അറിയേണം. നാൽപ്പതു വർഷം അമ്മാവിയപ്പന്റെ കൂടെ പാർത്തിട്ടും യാതൊരു പ്രശ്നങ്ങളും അവിടെ ഉണ്ടായില്ല എന്നത് മോശയുടെ മാത്രം സ്വഭാവഗുണം കൊണ്ടായിരുന്നില്ല, ആ നല്ല മനുഷ്യന്റെ ഇടപെടലും അതിനു സഹായിച്ചിരിക്കേണം. നാൽപ്പതു വർഷത്തെ വാസത്തിനു ശേഷമാണല്ലോ മോശയ്ക്കു മിസ്രയീമിലേക്കു മടങ്ങിപ്പോകാൻ ദൈവവിളി ഉണ്ടാകുന്നത്. താൻ ഇക്കാര്യം യിത്രോവിനോട് അറിയിച്ചപ്പോൾ അദ്ദേഹം സന്തോഷത്തോടെയാണ് മോശയെ അനുഗ്രഹിച്ചു അയച്ചത് (പുറ. 4:18). എബ്രായ പാരമ്പര്യം ഉള്ള മോശയും മിദ്യാന്യ പാരമ്പര്യം ഉള്ള സിപ്പോറയുമായി ഉള്ള കുടുംബ ബന്ധം വളരെ ദൃഢമായിരുന്നു. എങ്കിലും മിസ്രയീമിലേക്കുള്ള യാത്രയിൽ ഒരു ചെറിയ ഇടർച്ച ഉണ്ടായതു സ്വാഭാവികം. പക്ഷെ സിപ്പോറ അത്ര താല്പര്യമില്ലാതിരുന്നിട്ടും മോശയ്ക്കു വേണ്ടി തന്റെ മകനെ പരിച്ഛേദന ചെയ്തു അവരുടെ യാത്ര മുന്നോട്ടു പോയി (പുറ. 4:24,26). എന്നാൽ പിന്നീട് മോശയുടെ ശുശ്രൂഷ തുടരുന്നതിനിടയിൽ ഭാര്യയെയും മക്കളെയും അവളുടെ അപ്പന്റെ അടുത്തേക്ക്പറഞ്ഞു വിടേണ്ടി വന്നു, അതും സ്വാഭാവികം എന്നേ പറയാനാകൂ. എങ്കിലും യിത്രോ മോശയെക്കുറിച്ചു ആരാഞ്ഞും തന്റെ വിശേഷങ്ങൾ ശ്രദ്ധിച്ചുമിരുന്നു എന്ന്നമുക്ക്മനസിലാക്കാം. മോശയുടെ മാത്രമല്ല മോശ ഉൾപ്പെടുന്ന ജനവിഭാഗത്തിന്റെയും അഭ്യുദയകാംക്ഷിയായിരുന്ന അദ്ദേഹം മോശ മടക്കി അയച്ചിരുന്ന സിപ്പോറയെയും മക്കളെയും കൂട്ടി മരുഭൂമിയിൽ മോശയുടെ അടുത്തേക്ക് വരികയും മോശ തന്റെ അമ്മാവിയപ്പനെ ആദരവോടു വരവേൽക്കുകയും ചെയ്തു (പുറ. 18:17).മോശയും തന്റെ മകളും താത്കാലികമായി അകന്നുപോയെങ്കിലും അവരെ ഒരുമിപ്പിക്കുവാൻ താൻ കാണിച്ച ആ മാതൃക എത്ര ശ്ലാഘനീയം?

യിസ്രായേലിന്നു വേണ്ടി ദൈവം ചെയ്ത കാര്യങ്ങളെക്കുറിച്ചു മോശ തന്റെ അമ്മാവിയപ്പനോട് വിവരിച്ചു പറഞ്ഞപ്പോൾ യിസ്രായേലിന്റെ ദൈവം സകല ദേവന്മാരെക്കാളും വലിയവൻ തന്നെ എന്നുള്ള കാര്യം വിശ്വസിക്കുകയും ഏറ്റു പറയുകയും മാത്രമല്ല, ആ ദൈവത്തെ ആരാധിക്കുവാനും തനിക്കുസന്തോഷമായിരുന്നു (പുറ. 18:8,12). നമ്മുടെ ബന്ധുക്കൾ, പ്രീയപ്പെട്ടവർ, സ്നേഹിതർ ഇവരിൽ ആരെങ്കിലുമൊക്കെ വിശ്വാസികൾ അല്ലെങ്കിലും ദൈവം നമ്മോടു കാണിച്ച ദയയും വിശ്വസ്തതയും അവസരോചിതമായി അവരോടു വിവരിക്കുവാൻ മറക്കരുത്.

» 19

## ജോർജ്ജ് ഫോക്സ് ......

അറിയപ്പെട്ടു. എന്നാൽ പ്രാരംഭഘട്ടങ്ങളിൽ ഇവർ 'പ്രകാശത്തിന്റെ മക്കൾ', 'സത്യപ്രകാശിനികൾ', 'പ്രഭുവിന്റെ കൂടാരത്തിൽ വസിക്കുന്നവർ' എന്നൊക്കെ അറിയപ്പെട്ടിരുന്നു. കാലം കഴിഞ്ഞപ്പോൾ ജനങ്ങൾ അവരെ 'ക്വയ്ക്കേഴ്സ്' എന്ന് വിളിക്കുവാൻ തുടങ്ങി. 1660 കാലഘട്ടങ്ങളിൽ ക്വയ്ക്കേഴ്സിലെ അംഗസംഖ്യ 50000 ആയി വർദ്ധിച്ചു.

1664-ൽ ഫോക്സ് തടവറയിൽ അടയ്ക്കപ്പെട്ടു. ജയിലധികൃതർ ഫോക്സിനെ പുറത്തുവിടാൻ പല വഴികളും ആലോചിച്ചെങ്കിലും തന്റെ വിശ്വാസത്തെ ഹനിക്കുന്ന ഒരു പ്രവർത്തികൾക്കും കൂട്ട് നിൽക്കാൻ ഫോക്സ് ഇഷ്ടപ്പെട്ടില്ല. അങ്ങനെ ഫോക്സ് അധികനാളുകൾ കാരാഗ്രഹവാസം തുടർന്നു. 166-ൽ ജയിൽ മോചിതനായ ഫോക്സ് തന്റെ ബ്രിട്ടീഷ് സുഹൃത്തുക്കളെ സന്ദർശിച്ച് പ്രാദേശിക തലത്തിൽ സംഘടന ശക്തിപ്പെടുത്താനുള്ള സകല ക്രമീകരണങ്ങളും ചെയ്തു.

1669-ൽ ഫോക്സിന്റെ ജീവിതത്തിലെ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കം കുറിക്കുകയായിരുന്നു. കാരമം മാർഡഹറ്റ് ഫെൽ എന്ന വിധവയെ താൻ വിവാഹം കഴിച്ചത് ആ വർഷത്തിലായിരുന്നു. അങ്ങനെ സ്വാർത്ത് കുറിയിലുള്ള മാർഗരറ്റിന്റെ ഭവനം ഫ്രണ്ട്സിന്റെ കേന്ദ്രമായി ദീർഘകാലം പ്രവർത്തിച്ചു. വളരെ സന്തോഷത്തോടെ മാർഗരറ്റ് ഫോക്സ് ദമ്പതികൾ തങ്ങളുടെ കുടുംബജീവിതം നയിച്ചു.

1670-കളിലായിരുന്നു ഫോക്സ് തന്റെ സുവിശേഷ പര്യടനങ്ങൾ നടത്തിയത് 1671-ൽ അമേരിക്കയും, 1677ൽ യൂറോപ്പും, താൻ സന്ദർശിച്ചു. താൻ സന്ദർശനം നടത്തിയ സ്ഥലങ്ങളിൽ നിന്നെല്ലാം അനേകർ ക്വയ്ക്കേഴ്സിന്റെ അനുഭാവികളായി തീർന്നു.

വിശ്രമരഹിതമായ യാത്രകളും ശുശ്രൂഷകളും ഫോക്സിന്റെ ശരീരത്തിൽ ക്ഷീണം ഉണ്ടാക്കി. 1691-ൽ താൻ പ്രസംഗിക്കാറുണ്ടായിരുന്ന രാജ്യത്തിലേക്ക് വിശ്രമത്തിനായി കടന്നു പോകുകയും അവിടെവെച്ച് അന്ത്യശ്വാസം വലിക്കുകയും ചെയ്തു. മരിക്കുമ്പോൾ 100,000 ആയിരുന്നു ക്വയ്ക്കേഴ്സിന്റെ അംഗസംഖ്യ.

തന്റെ മരുമകൻ ഇപ്പോൾ പഴയ ആളല്ലെന്നും ലക്ഷക്കണക്കിലുള്ള ഒരു ജനവിഭാഗത്തിന്റെ നേതാവാണെന്ന കാര്യവും തന്നിൽ കൂടി നടക്കുന്ന വലിയ ദൈവപ്രവൃത്തികളും അത്ഭുതത്തോടും അഭിമാനത്തോടുമായിരിക്കേണം ആ പിതാവ് നോക്കിക്കണ്ടത്. തന്റെ മരുമകന്റെ അടുത്ത്ജനങ്ങൾ അവരുടെ വിഷയങ്ങളുമായി വരുന്നതും മോശ അവരുടെ വിഷയങ്ങൾ പരിഹരിക്കുന്നതും ദൈവീക ആലോചന അവരെ പഠിപ്പിക്കുന്നതുമൊക്കെ മോശയുടെ കൂടാരത്തിലിരുന്നു കൊണ്ടു യിത്രോ കണ്ടു. തന്റെ കുടുംബവുമായോ അതിഥിയായി വന്ന അമ്മാവിയപ്പനോടോ ഒന്ന്സംസാരിക്കുവാൻ പോലും സമയം കിട്ടാത്ത വല്ലാത്ത തിരക്കിൽ മോശ അകപ്പെട്ടിരുക്കുന്നത് താൻ ശ്രദ്ധിച്ചു.

പല നേതാക്കൾക്കും ഉണ്ടാകുന്ന ഒരു പ്രശ്നമാണിത്. അവർ വല്ലാത്ത തിരക്കിലാണ്, കർത്താവിന്റെ വേലയോടുള്ള ബന്ധത്തിലുള്ള തിരക്കാണ്. കർത്താവിന്റെ വേലയിലാണെങ്കിലും ശുശ്രൂഷയുടെ വ്യാപ്തികൂടുന്നതിനനുസരിച്ചു വലിയതിരക്ക്നമുക്ക് ഉണ്ടാവുക സ്വാഭാവികമാണ്. നാം ആ തിരക്കിലകപ്പെട്ടു വലഞ്ഞു പോകേണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. നാം കാര്യങ്ങൾക്കു ഒരു പദ്ധതികണ്ടെത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നമ്മെ ഏല്പിച്ചത്നമുക്ക്കൃത്യമായി ചെയ്യുവാൻ കഴിയുകയുള്ളൂ. ചിലർ ഒന്നും ആരെയും ഏല്പിക്കയിയല്ല, എല്ലാം അവർ തന്നെ ചെയ്യും. മോശയും അങ്ങനെയായിരുന്നു. മോശയെ ഇക്കാര്യത്തിൽ ഒന്ന് തിരുത്തുവാൻ ആരും ആ പാളയങ്ങളിൽ ഉണ്ടായിരുന്നില്ല. ഏതു നേതാവായാലും തന്നെ ഒന്ന് തിരുത്തുവാൻ തനിക്കു ബഹുമാനിതനായ ഒരാൾ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ദൈവം ആ കുറവ്പരിഹരിക്കുവാൻ മോശയ്ക്കു ബഹുമാനിതനായ യിത്രോവിനെ അയച്ചു. മോശയുടെ പ്രായോഗീക ബുദ്ധിമുട്ട് അദ്ദേഹം മനസ്സിലാക്കി.

പിറ്റെന്നാൾ മോശെ ജനത്തിന്നു ന്യായം വിധിപ്പാൻ ഇരുന്നു; ജനം രാവിലെ തുടങ്ങി വൈകുന്നേരം വരെ മോശെയുടെ ചുറ്റും നിന്നു. അവൻ ജനത്തിന്നു വേണ്ടി ചെയ്യുന്നതൊക്കെയും മോശെയുടെ അമ്മായപ്പൻ കണ്ടപ്പോൾ: നീ ജനത്തിന്നുവേണ്ടി ചെയ്യുന്ന ഈ കാര്യം എന്തു? നീ ഏകനായി വിസ്തരിപ്പാൻ ഇരിക്കയും ജനം ഒക്കെയും രാവിലെ തുടങ്ങി വൈകുന്നേരം വരെ നിന്റെ ചുറ്റും നിൽക്കയും ചെയ്യുന്നതു എന്തു എന്നു അവൻ ചോദിച്ചു (പുറ. 18:13,14).

യിത്രോ മോശയ്ക്കു ഒരു കർമ്മപദ്ധതി നിർദേശിച്ചു, അതിന്നു മോശെയുടെ അമ്മായപ്പൻ അവനോടു പറഞ്ഞതു: നീ ചെയ്യുന്ന കാര്യം നന്നല്ല; നീയും നിന്നോടു കൂടെയുള്ള ഈ ജനവും ക്ഷീണിച്ചു പോകും; ഈ കാര്യം നിനക്കു അതിഭാരമാകുന്നു; ഏകനായി അതു നിവർത്തിപ്പാൻ നിനക്കു കഴിയുന്നതല്ല. ആകയാൽ എന്റെ വാക്കു കേൾക്ക; ഞാൻ ഒരാലോചന പറഞ്ഞു തരാം. ദൈവം നിന്നോടു കൂടെ ഇരിക്കും; നീ ജനത്തിന്നു വേണ്ടി ദൈവസന്നിധിയിൽ ഇരിക്ക; നീ കാര്യങ്ങളെ ദൈവസന്നിധിയിൽ കൊണ്ടു ചെല്ലുക. അവർക്കു കല്പനകളും പ്രമാണങ്ങളും ഉപദേശിക്കയും നടക്കേണ്ടുന്ന വഴിയും ചെയ്യേണ്ടുന്ന പ്രവൃത്തിയും അവരെ അറിയിക്കയും ചെയ്ക. അതല്ലാതെ, ദൈവഭക്തന്മാരും സത്യവാന്മാരും ദുരാദായം വെറുക്കുന്നവരുമായ പ്രാപ്തിയുള്ള പുരുഷന്മാരെ സകല ജനത്തിൽ നിന്നും തിരഞ്ഞെടുത്തു അവരെ ആയിരം പേർക്കു അധിപതിമാരായും നൂറു പേർക്കു അധിപതിമാരായും അമ്പതു പേർക്കു അധിപതിമാരായും പത്തു പേർക്കു അധിപതിമാരായും നിയമിക്ക. അവർ എല്ലാ സമയത്തും ജനത്തിന്നു ന്യായം വിധിക്കട്ടെ; വലിയകാര്യം ഒക്കെയുംഅവർനിന്റെ അടുക്കൽ കൊണ്ടു വരട്ടെ; ചെറിയ കാര്യം ഒക്കെയും അവർ തന്നേ തീർക്കട്ടെ; ഇങ്ങനെ അവർ നിന്നോടു കൂടെ വഹിക്കുന്നതിനാൽ നിനക്കു ഭാരം കുറയും. നീ ഈ കാര്യം ചെയ്കയും ദൈവം അതു അനുവദിക്കയും ചെയ്താൽ നിനക്കു നിന്നു പൊറുക്കാം. ഈ ജനത്തിനൊക്കെയും സമാധാനത്തോടെ തങ്ങളുടെ സ്ഥലത്തേക്കു പോകയുമാകാം (പുറ.18:17,23).

ദൈവം നമ്മെ ചില ശുശ്രൂഷകൾ ഏല്പിച്ചു എന്നത്ശരിയായിരിക്കാം, പക്ഷെ, എല്ലാം നമുക്ക് ഒറ്റയ്ക്ക്ചെയ്യാനാവില്ല, അങ്ങനെ ചെയ്യാൻ ദൈവം പറഞ്ഞിട്ടുമില്ല. നാം ചില പ്രായോഗീക കർമ്മപദ്ധതികളും അതിനോടുള്ള ബന്ധത്തിൽ ചെയ്യേണ്ടിയിരിക്കുന്നു. അത് ഇതുവരെയും ചെയ്തിട്ടില്ലെങ്കിൽ അതിനു പറ്റിയ ആൾക്കാരെ ദൈവം നമ്മുടെ അടുത്തേക്ക് അയയ്ക്കും. അവരിൽ നിന്നുമുള്ള ദൈവീകാലോചന നാം കേൾക്കുകയും അനുസരിക്കുകയും വേണം. ദൈവം ഒരു മഹത്തായ ശുശ്രൂഷ നമ്മെ ഏല്പിച്ചുവെന്നു കരുതി നാമാരും സർവ്വജ്ഞാനികളൊന്നുമല്ല, സർവ്വശക്തരും അല്ല എന്ന കാര്യം തിരിച്ചറിയേണം. നേതാക്കന്മാർ മറ്റുള്ളവരിൽ നിന്നും പഠിക്കുകയും അത് പ്രായോഗീകതലത്തിൽ കൊണ്ടു വരികയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യാത്തതിന്റെ ഭവിഷ്യത്ത്പല ആത്മീയ പ്രസ്ഥാനങ്ങക്കും സ്ഥാപനങ്ങൾക്കും ഇന്നുണ്ട്. അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാരാൽ സ്ഥാപിതമായ പല പ്രസ്ഥാനങ്ങളും മേല്പറഞ്ഞ പ്രശ്നം ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്നു. അവർ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു എങ്കിലും അവർ ജനത്തിനുവേണ്ടി അവരുടെ ഭാവിക്കുവേണ്ടി കർമ്മപദ്ധതികൾ ആവിഷ്കരിച്ചില്ല, ആരെയും ഏല്പിച്ചില്ല, ആരോടും ആലോചന ചോദിച്ചില്ല, ഇപ്പോൾ പരിഹരിക്കാനാകാത്തവിധം പ്രശ്നകലുഷിതമായിരിക്കുന്നു. ചിലർ തികച്ചും അയോഗ്യന്മാരെ ഏല്പിച്ചു പ്രശ്നം കൂടുതൽ വഷളാക്കിയിട്ടും ഉണ്ട്.

എന്നാൽ മോശ വ്യത്യസ്തനായിരുന്നു. പരിചയ സമ്പന്നനായ തന്റെ അമ്മാവിയപ്പൻ പറഞ്ഞ ആലോചന താൻ കേട്ടു,

മോശെ തന്റെ അമ്മായപ്പന്റെ വാക്കു കേട്ടു, അവൻ പറഞ്ഞതു പോലെ ഒക്കെയും ചെയ്തു. മോശെ എല്ലാ യിസ്രായേലിൽ നിന്നും പ്രാപ്തിയുള്ള പുരുഷന്മാരെ തിരഞ്ഞെടുത്തു അവരെ ആയിരം പേർക്കു അധിപതിമാരായും നൂറു പേർക്കു അധിപതിമാരായും അമ്പതു പേർക്കു അധിപതിമാരായും പത്തു പേർക്കു അധിപതിമാരായും ജനത്തിന്നു തലവന്മാരാക്കി. അവർ എല്ലാ സമയത്തും ജനത്തിന്നു ന്യായം വിധിച്ചു വന്നു; വിഷമമുള്ള കാര്യം അവർ മോശെയുടെ അടുക്കൽ കൊണ്ടു വരും; ചെറിയ കാര്യം ഒക്കെയും അവർ തന്നേ തീർക്കും (പുറ. 18:24,26).

ഒരു ജനതയുടെ ആത്മീയ നേതാവും അതിനുള്ള പ്രായവും പക്വത

» 22

അടിയൊഴുക്കുകൾ-13

# ദൈവീക വിശ്വസ്തതയുടെ നേർക്കാഴ്ചകൾ...!!!



പാസ്റ്റർ സജി പീച്ചി

വീണ്ടെടുപ്പിന്റെയും വിശ്വസ്തതയുടെയും ദൈവിക പരിപാലനത്തിന്റെയും മനോഹര ചിത്രമാണ് രൂത്തിന്റെ ജീവിതത്തിലുടനീളം കാണുന്നത്.

ദാരിദ്ര്യത്തിലും അനിശ്ചിതത്വത്തിലും ജീവിച്ചിരുന്ന രൂത്തിനും നൊവൊമിക്കും ദൈവം തുറന്ന വഴി വ്യത്യസ്തമായിരുന്നു.

മരുമകളായ രൂത്തിനെ സുരക്ഷിത സ്ഥാനത്ത് എത്തിക്കണമെന്നായിരുന്നു നൊവോമിയുടെ ഹൃദയവാഞ്ഛ. തന്റെ മകനിലൂടെ രൂത്തിനു നഷ്ടപ്പെട്ട ജീവിതം തിരിച്ചു നൽകാനായിരുന്നു അവൾ പദ്ധതിയിട്ടത്. ജാതീയ പശ്ചാത്തലമായിരുന്നു രൂത്തിനുണ്ടായിരുന്നതെങ്കിലും ദൈവീക പദ്ധതിയിൽ അവളുടെ ഭാവി ശോഭനമാക്കാൻ നിർണ്ണയിക്കപ്പെട്ടിരുന്നു. ഏറെ പ്രസന്നവതിയായി രൂത്ത് കാണപ്പെട്ടു.

ഒരു ദൈവ പൈതലിനെക്കുറിച്ചുള്ള ദൈവീക നിർണ്ണയങ്ങൾ വ്യത്യസ്തമാണ്. ദൈവം തന്നെ സ്നേഹിക്കുകയും തന്റെ കല്പനകൾ പ്രമാണിക്കുകയും ഭക്തിയോടും നിഷ്കളങ്കതയോടും ജീവിക്കുന്ന തന്റെ ദാസിദാസന്മാരെ മാനിക്കുകയും ചെയ്യുന്ന ദൈവമാണ്. അവൻ തക്ക സമയത്ത് അവരെ ഉയർത്തും. അങ്ങനെയുള്ളവർക്ക് സകലവും നന്മക്കായ് കൂടി വ്യാപരിപ്പിക്കും.

ദൈവീക തത്വങ്ങൾ അറിയാതെ അവ ഗ്രഹിപ്പാൻ കഴിയാതെ ജീവിക്കുന്ന അനേകരുണ്ട്. ദൈവ സ്നേഹത്തെ ക്കുറിച്ചോ,ദൈവീക പരിപാലനത്തെക്കുറിച്ചോ അവർക്ക് യാതൊരു ഗ്രാഹ്യവുമില്ല.

ചിലർക്ക് ദൈവത്തെക്കുറിച്ച് പരിജ്ഞാനമില്ല എന്ന് പൗലോസ് അപ്പോസ്തോലൻ പ്രസ്താവിക്കുന്നു.

രൂത്തിനു സുരക്ഷിതമായ ഭാവിയും കുടുംബജീവിതവും ലഭിക്കണമെന്നത് അവളോടുള്ള ദൈവത്തിന്റെ വിശ്വസ്തതയുടെ ഭാഗമായിരുന്നു. നവോമിയുടെ ആഗ്രഹവും മറ്റൊന്നായിരുന്നില്ല.

അതിനാലാണ് അവൾ രൂത്തിനെ ബോവസിന്റെ അടുക്കലേക്ക് അയച്ചത്.

ബോവസ് അടുത്ത ബന്ധുവും വീണ്ടെടുപ്പുകാരനാകാൻ യോഗ്യനുമായിരുന്നു. മാതാവായ നോവോമി പറഞ്ഞതനുസരിച്ച് രൂത്ത് കുളിച്ച് നല്ല വസ്ത്രം ധരിച്ച് സുഗന്ധതൈലം പൂശി ബോവസിന്റെ അടുക്കലെത്തി. അദ്ദേഹം ഭക്ഷണപാനീയങ്ങൾക്ക് ശേഷം വിശ്രമിക്കുന്നതെവിടെയെന്ന് അവൾ മുൻകൂട്ടി മനസ്സിലാക്കിയിരുന്നു. ബോവസ് മയക്കം പിടിച്ചപ്പോൾ കാൽചുവട്ടിലെ പുതപ്പ് മാറ്റി അവൾ അവനോടു ചേർന്ന് കിടന്നു.

അർദ്ധരാത്രിയിൽ തന്റെ കാൽക്കൽ ഒരു സ്ത്രീയുടെ നിഴലാട്ടം കണ്ട് ബോവസ് ഞെട്ടിത്തിരിഞ്ഞു. ഇതാരാണ്...?

അവൻ ചോദിച്ചു. രൂത്ത് വിനയാന്വിതയായി പറഞ്ഞു:

ഞാൻ അങ്ങയുടെ ദാസിയായ രൂത്ത്. അങ്ങ് എന്റെ വീണ്ടെടുപ്പുകാരനാണെന്നതിനാലാണ് ആ കാൽചുവട്ടിൽ ഞാൻ വിശ്രമിച്ചത്.

മറുപടിയായി ബോവസ് പറഞ്ഞു.

മകളേ, നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ; ദരിദ്രന്മാരോ ധനവാന്മാരോ ആയ ബാല്യക്കാരെ നീ പിന്തുടരാതെ എന്റെ അടുക്കൽ വന്നതിനാൽ മുൻപത്തേതിൽ അധികം ദയ ഞാൻ നിന്നോട് കാണിക്കും.

നീ ഭയപ്പെടേണ്ടാ; നീ ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തുതരാം; നീ ഉത്തമ സ്ത്രീ എന്നു എന്റെ ജനമായ പട്ടണക്കാർക്കും എല്ലാവർക്കും അറിയാം.

അവൾ രാവിലെ വരെ അവന്റെ കാൽക്കൽ കിടന്നു; ഒരു സ്ത്രീ കളത്തിൽ വന്നതു ആരും അറിയരുതെന്നു അവൻ പറഞ്ഞിരുന്നതു കൊണ്ടു ആളറിയാറാകുംമുമ്പെ അവൾ എഴുന്നേറ്റു.

നീ ധരിച്ചിരിക്കുന്ന പുതപ്പു കൊണ്ടുവന്നു പിടിക്ക എന്നു അവൻ പറഞ്ഞു. അവൾ അതു പിടിച്ചപ്പോൾ അവൻ ആറിടങ്ങഴി യവം അതിൽ അളന്നുകൊടുത്തു; അവൾ തന്റെ മാതാവിന്റെ വീട്ടിലേക്ക് സ്വന്തം പട്ടണത്തിലേക്കു പോയി.

(തുടരും)




ഐപിസി സണ്ടേസ്കൂൾ അസോസിയേഷൻ
കുമ്പനാട് പ്രസിദ്ധീകരിച്ച
ഹിന്ദി / ഇംഗ്ലീഷ് (ദ്വിഭാഷ) സണ്ടേസ്കൂൾ
പുസ്തകങ്ങൾ (നഴ്സറി 1 ` 80,
നഴ്സറി 2 ` 80, ക്ലാസ് 1 ` 100)
ലഭ്യമാണ്.
ആവശ്യക്കാർ ബന്ധപ്പെടുക
Saji Mathew - 98205 60569
Moncy P. George - 97027 15909
Email : ipcms.sundayschool@gmail.com
കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർക്ക് പോസ്റ്റേജ് സൗജന്യം.

# ദൈവമില്ലാത്ത ഭവനം ശൂന്യം



**ജാസ്മിൻ ഫിലിപ്പ്**

പൂക്കാലം ആയാൽ തേനീച്ചകളുടെ കാലമാണ്. അവ പൂക്കളിൽ നിന്ന് തേൻ ശേഖരിച്ച് കൂടുകളിൽ നിറയ്ക്കുന്നു. ഈ സമയത്താണ് തേനീച്ച കൃഷിക്കാർ തേനീച്ച പെട്ടികൾ തയ്യാറാക്കി തോട്ടങ്ങളിൽ വയ്ക്കുന്നത്. ഒരിക്കൽ ഒരു കർഷകൻ പതിവുപോലെ തന്റെ വിശാലമായ കൃഷിസ്ഥലത്ത് അങ്ങിങ്ങായി തേനീച്ച പെട്ടികൾ തയ്യാറാക്കി വെച്ചു. പക്ഷേ തേനീച്ച പെട്ടികളിൽ തേനീച്ചകൾ കയറുകയോ ഇറങ്ങുകയോ ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട കർഷകൻ കണ്ടത് വൃക്ഷത്തിൻെറ ശിഖരത്തിൽ റാണിയെ പൊതിഞ്ഞു തേനീച്ചകൾ തൂങ്ങിക്കിടക്കുന്ന കാഴ്ചയാണ്. റാണി ഇല്ലാത്ത കൂടുകളിൽ ഈ ഷഡ്പദങ്ങൾ കയറുകയില്ല. റാണി ഇല്ലാത്ത ഭവനം ശൂന്യമാണ്. ഇതുതന്നെയാണ് മനുഷ്യൻെറ ജീവിതത്തിലും സംഭവിക്കുന്നത്. ദൈവത്തിനു വാസയോഗ്യമല്ലാത്ത ഭവനം അത് എത്ര മോടിയുള്ളതാണെങ്കിലും ശൂന്യമായ അവസ്ഥയാണ്. ഇന്ന് ഭവനം പണിയുന്നവർ അതിനെ അലങ്കരിക്കുവാൻ ഒരുപാട് പണവും സമയവും കണ്ടെത്താറുണ്ട്. പക്ഷേ എത്ര മോടി കൂടിയ ഭവനത്തിന് അകത്തും സമാധാനവും സന്തോഷവും ഇല്ലാതെ വസിക്കേണ്ടി വന്നാൽ രമ്യഹർമ്യങ്ങൾകൊണ്ട് എന്ത് പ്രസക്തി!

ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തൻെറ ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്ത് പ്രയോജനം! സുവിശേഷങ്ങളിൽ മത്തായിയിലും മർക്കോസിലും കാണുന്ന ചോദ്യമാണിത്. വളരെ ശക്തമായ ചോദ്യം. ഭൂമിയിലെ സകല ഭൗതിക അനുഗ്രഹങ്ങളും നിറഞ്ഞ സമ്പൽസമൃദ്ധമായ എന്ന് തോന്നാവുന്ന ജീവിതം നയിക്കുന്നവർ പ്രത്യേകിച്ച് സെലിബ്രിറ്റി സ്റ്റാറ്റസ് ഉള്ളവർ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നത് നിത്യസംഭവമാണ്. അല്ലെങ്കിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി സ്വയം നശിച്ചുപോകുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? പുറമേ മോടി ഉള്ളത് എന്ന് തോന്നാമെങ്കിലും അകം വൃത്തിഹീനമായി മാറാല പിടിച്ച് പഴുതാരയും പല്ലിയും ചിലന്തിയും അധിവസിക്കുന്ന ഭവനത്തിൽ താമസിക്കുവാൻ ആരും താല്പര്യപ്പെടാറില്ല. നിരാശയുടെയും വേദനയുടെയും അസ്വാരസ്യങ്ങളുടേയും ഈറ്റില്ലം ആയി മനുഷ്യമനസ്സ് മാറുമ്പോൾ പുറമേ എന്തെല്ലാമുണ്ട് എന്ന് തോന്നിയാലും ആ വ്യക്തിയുടെ ആത്മാവ് നഷ്ടമായാൽ പ്രയോജനമില്ലാതെ ശാന്തമായി ഉറങ്ങുവാൻ പോലും കഴിയാത്ത അവസ്ഥയിലായിതീരുന്നു.

ദൈവത്തിന് പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ള ഹൃദയങ്ങളുടെ അവസ്ഥ ഇതുതന്നെയാണ്. ഏതെല്ലാം വ്യവസ്ഥിതികൾ ഉണ്ടായാലും മനുഷ്യന് ആത്യന്തികമായി ഉണ്ടാകേണ്ടത് നമ്മെ സൃഷ്ടിച്ച ദൈവവുമായുള്ള ബന്ധം ആണ്. നമ്മെ സൃഷ്ടിച്ച ദൈവത്തിനല്ലാതെ നമ്മുടെ ആത്മാവിൻെറ വീണ്ടെടുപ്പ് സാധ്യമാക്കാൻ ആർക്കും കഴിയുകയില്ല. പണ്ഡിതൻ എന്നോ പാമരൻ എന്നോ ധനികൻ എന്നോ ദരിദ്രൻ എന്നോ വ്യത്യാസമില്ലാതെ സ്നേഹിക്കുവാനും വീണ്ടെടുക്കുവാനും ആശ്വാസം നൽകുവാനും ആ ദൈവത്തിന് മാത്രമേ സാധിക്കുകയുള്ളൂ. എന്തെന്നാൽ ലോകത്തിൽ ഏറ്റവും കൂടുതൽ സ്നേഹം പ്രദർശിപ്പിക്കപ്പെട്ട ഇടം കാൽവരിയിലെ ക്രൂശിൽ ആയിരുന്നു. അവസാനത്തെ തുള്ളി രക്തം വരെയും മാനവ ജാതിക്കായ് യേശു അവിടെ ഒഴുക്കി. നിർദാക്ഷണ്യം ക്രൂശിക്കപ്പെടുമ്പോഴും "ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ" എന്ന് യേശു പ്രാർത്ഥിക്കുന്നു.

മർക്കോസ് 10 :17 മുതൽ 22 വരെ ധനവാനായ ഒരു മനുഷ്യനെ കുറിച്ച് വായിക്കുന്നു. അവൻ കൽപ്പനകൾ പാലിക്കുന്നവൻ ആയിരുന്നു. അവൻെറ ചോദ്യം "നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്ത് ചെയ്യണം" എന്നുള്ളതാണ്. ലോക പ്രകാരം ഞാൻ എല്ലാം നേടി, ലോകം അനുശാസിക്കുന്ന സകല സൽകർമ്മങ്ങളും ചെയ്യുന്നു പക്ഷേ എൻെറ ആത്മാവിൻെറ വീണ്ടെടുപ്പിന് ഞാൻ എന്ത് ചെയ്യണമെന്ന് ചോദ്യത്തോടെയാണ് അവൻ യേശുവിൻറെ അടുക്കൽ വന്നത്. എന്നാൽ യേശു അവൻെറ ഉള്ള് അറിയുന്നതു കൊണ്ട് തന്നെയാണ് "നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക എന്നിട്ട് എന്നെ അനുഗമിക്കുക" എന്ന് മറുപടി പറഞ്ഞത്. വിലയ്ക്ക് വാങ്ങാൻ കഴിയുന്നതായിരുന്നു നിത്യജീവൻ എങ്കിൽ അവൻ ഒരുപക്ഷേ അതിനെ ശ്രമിക്കുമായിരുന്നു. അവൻ ദൈവത്തെക്കാൾ പണത്തെ സ്നേഹിച്ചത് കൊണ്ട് ആത്മാവിനെ നഷ്ടപ്പെടുത്തി.

യേശു പറഞ്ഞ ധനവാനായ ഒരു മനുഷ്യൻെറ ഉപമ ഉണ്ട്.(ലൂക്കോസ് 12:16,21) നന്നായി വിളവ് ലഭിക്കുന്നത് കണ്ടിട്ട് കലവറകൾ പൊളിച്ച് വലുതാക്കി ധാരാളമായി വർഷങ്ങൾക്കു വേണ്ടി ശേഖരിക്കും ഞാൻ സുഖിച്ചു ജീവിക്കും എന്ന് ചിന്തിച്ചു അഹങ്കരിച്ച മനുഷ്യൻ. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന സമവാക്യത്തെ ചിന്തിച്ച് സ്വയം നിഗളിയായ ഒരു മനുഷ്യൻ. പക്ഷേ ദൈവം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "മൂഢാ ഇന്ന് രാത്രി നിൻെറ ആത്മാവിനെ നിന്നോടു ചോദിച്ചാൽ നീ ഈ കലവറയിൽ കൂട്ടി വെച്ചത് ആർക്ക്?" ഇന്നത്തെ വിശ്വാസ ലോകത്തിൻെറ അവസ്ഥ ഇതാണ്. നാം ഓടുന്നു അധ്വാനിക്കുന്നു കളപ്പുരയിൽ കൂട്ടുന്നു. ലോക സൗകര്യങ്ങൾ ആസ്വദിക്കുന്നു. ലോക മനുഷ്യനിൽ നിന്ന് ഒട്ടും വ്യത്യസ്തരാകാത്ത ജീവിതം. ലോകം മുഴുവൻ നേടി ആത്മാവ് നഷ്ടപ്പെട്ട അവസ്ഥയാണോ! പ്രയോജനം ഒന്നുമില്ല നേടിയത് ഒക്കെ വ്യർഥ

മാകും.

ലോകം കണ്ട ഏറ്റവും ബുദ്ധിമാനായ രാജാവായ ശലോമോന് ഇല്ലാത്തതായി ഒന്നുമില്ലായിരുന്നു. പക്ഷേ അവസാനം അവൻ എഴുതി ഞാൻ ചെയ്യാൻ ശ്രമിച്ച എല്ലാ പരിശ്രമങ്ങളും മായയും വൃഥാ പ്രയത്നവും അത്രേ. (സഭപ്രസംഗി 2:11). ലോകം മുഴുവൻ നേടിയിട്ടും ദൈവം ഇല്ലായെങ്കിൽ എല്ലാം ശൂന്യമാണെന്ന് ശലോമോൻ മനസ്സിലാക്കി. യേശുവിനോടൊപ്പം നടന്ന യൂദാസ് യേശു ചെയ്ത അത്ഭുതങ്ങൾ കണ്ടു, യേശുവിൻെറ സ്നേഹം അനുഭവിച്ചു, പക്ഷേ മുപ്പത് വെള്ളി കാശിന് വേണ്ടി യേശുവിനെ ഒറ്റിക്കൊടുത്തു. അവൻ പണം നേടി പക്ഷേ ആ പണത്തിനും അവനെ സമാധാനത്തിലേക്ക് കൊണ്ടെത്തിക്കാൻ കഴിഞ്ഞില്ല. അവൻ പണം എറിഞ്ഞിട്ട് കെട്ടി ഞാന്നു ചത്തു കളഞ്ഞു. (മത്തായി 27:5) ക്രമം തെറ്റിപ്പോകുന്ന അവസ്ഥയിലായി പോകരുതെന്ന് ദൈവം നമ്മോട് ഉപദേശിക്കുന്നു. മുമ്പേ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടി തിന്നാനും കുടിക്കുവാനും ഉടുക്കാനും ഉള്ളതൊക്കെ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങൾക്ക് തരും.

നേട്ടങ്ങൾക്കുവേണ്ടി നാമെന്താണ് നഷ്ടപ്പെടുത്തുന്നത്? സ്വയം ചോദിക്കേണ്ട ചോദ്യമാണിത്. ലോകം മുഴുവൻ നഷ്ടപ്പെട്ടാലും ദൈവം നമ്മോടൊപ്പം ഉണ്ടെങ്കിൽ നമുക്ക് എല്ലാമുണ്ട്. പക്ഷേ സകലതും നേടിയിട്ടും ദൈവമില്ലാത്ത ജീവിതം തുലോം പ്രയോജനം. വെള്ള തേച്ച ശവക്കല്ലറകൾ ആയിരിക്കാതെ ജീവൻറെ ഉടമയിൽ നിന്ന് ജീവൻ നേടി അതിനെ പ്രതിഫലിപ്പിക്കുന്നവരായി തീരാൻ ദൈവം നമ്മെ സഹായിക്കട്ടെ.

●

## യിത്രോവിന്റെ ആലോചന.....

യും ഉള്ള ആളുമായിരുന്നു യിത്രോ (പുറ. 2:16). അങ്ങനെയുള്ള ഒരു ആളിൽ നിന്നും മോശ പാഠം പഠിക്കേണമെന്നും തന്റെ ജനത്തിന് അത് പ്രായോഗികതലത്തിൽ പ്രയോജനപ്രദമാക്കേണമെന്നും ദൈവം ആഗ്രഹിച്ചു.

ചില മാതാക്കൾ ഭവനത്തിൽ ജോലി ചെയ്തു തളരുകയാണ്. അവർക്കു പ്രാർത്ഥിക്കാൻ പറ്റുന്നില്ല, വചനം വായിക്കുവാൻ സമയമില്ല, സഭാ യോഗങ്ങൾക്കു സമയത്തു എത്തുവാൻ പോലുമാകുന്നില്ല, അവരുടെ ചില ജോലികൾ ഭർത്താവുമായും മക്കളുമായി പങ്കു വച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. ചില പാസ്റ്റർമാർ അവർ ചെയ്യേണ്ടതും അല്ലാത്തതുമായ എല്ലാ ജോലികളും എടുത്തു തലയിൽ വച്ചിരിക്കുകയാണ്, അവർക്കു അജഗണ പരിപാലനത്തിനോ പ്രാർത്ഥനയ്ക്കോ സമയമില്ല. തങ്ങളുടേതല്ലാത്ത ചില ജോലികളൊക്കെ മറ്റു ചിലരെ ഭരമേല്പിച്ചാൽ ഒരു ദോഷവും വരികയുമില്ല, അവർക്കു നിന്ന്പൊറുക്കാം.

പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനു മോശ തെരഞ്ഞെടുക്കേണ്ട പുരുഷന്മാർക്കുള്ള യോഗ്യതകളും യിത്രോ വിവരിച്ചിട്ടുണ്ട്. അവർ ആത്യന്തികമായി ദൈവഭക്തന്മാരായിരിക്കേണം, സത്യമുള്ളവർ ആയിരിക്കേണം, ദുരാദായം വെറുക്കുന്നവർ ആയിരിക്കേണം, പ്രാപ്തരുമായിരിക്കേണം. മേൽ പറഞ്ഞയോഗ്യതയുള്ള ഒരാൾക്ക് അമ്പത്പേരുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് ഒരു വലിയ കാര്യമല്ല. ചുരുക്കിപ്പറഞ്ഞാൽ വളരെ ലളിതമായി മോശയുടെ ഭാരം കുറയ്ക്കുവാൻ സാധിച്ചു. യിത്രോയുടെ ഈ ആലോചന യിസ്രായേലിൽ പിന്നീട് തുടരുന്നതായി നമുക്ക് മനസിലാക്കാം.

ദൈവസഭയുടെ തുടക്കത്തിൽ ഇതിനു സമാനമായ ഒരു പ്രതിസന്ധി ഉണ്ടായപ്പോൾ, യിത്രോവിനെ പോലെ ഒരാളുടെ ആശയം അവിടെ വേണ്ടിവന്നില്ല. വചനത്തിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കിയിരുന്ന അപ്പോസ്തലന്മാർ ആ കാര്യം പരിഹരിച്ചു, ദൈവം അത് അംഗീകരിക്കുകയുമുണ്ടായി.

ആ കാലത്തു ശിഷ്യന്മാർ പെരുകി വരുമ്പോൾ തങ്ങളുടെ വിധവമാരെ ദിനം പ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ എബ്രായ ഭാഷക്കാരുടെ നേരെ പിറുപിറുത്തു. പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി: ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു യോഗ്യമല്ല. ആകയാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നേ തിരഞ്ഞു കൊൾവിൻ; അവരെ ഈ വേലെക്കു ആക്കാം.

ഞങ്ങളോ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു (അ.പ്ര. 6:14). അവിടെയും അപ്പോസ്തലന്മാർ ചില യോഗ്യതകൾ വെച്ചിരുന്നു, പ്രശ്നം പരിഹരിച്ചു, അപ്പോസ്തലന്മാർക്കു പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനും സമയംലഭിച്ചു. ഒരാൾ എല്ലാം ചെയ്യാമെന്ന് വച്ചാൽ ഒന്നും നടക്കില്ല. യോഗ്യത ഉള്ളവർക്ക് ചുമതലകൾ വിഭജിക്കുക, വീട്ടിലും സഭയിലും അതാണ് നല്ലത്. മോശയുടെ അടുത്തേയ്ക്കു ദൈവമാണ് യിത്രോവിനെ അയച്ചത്. അദ്ദേഹം പറഞ്ഞതായി ഒടുവിലത്തെ കാര്യം ശ്രദ്ധിക്കുക, നീ ഈ കാര്യം ചെയ്കയും ദൈവം അതു അനുവദിക്കയും ചെയ്താൽ നിനക്കു നിന്നു പൊറുക്കാം. ഈ ജനത്തിന്നൊക്കെയും സമാധാനത്തോടെ തങ്ങളുടെ സ്ഥലത്തേക്കു പോകയുമാകാം (പുറ. 18:23).

യിത്രോ പ്രായോഗീക ജ്ഞാനം ഉള്ള നല്ല ഒരു മനുഷ്യനായിരുന്നു, അങ്ങനെയുള്ളവർക്ക് നല്ല ആശയങ്ങൾ ഉണ്ടായിരിക്കും. പക്ഷെ ദൈവജനത്തിന്റെമേൽ അത് പ്രയോഗിക്കുന്നതിനു മുമ്പ് ദൈവത്തിന്റെ അംഗീകാരത്തിനായി വിടേണം. ദൈവജനത്തിന്റെ ഉടമസ്ഥാവകാശം നടത്തിപ്പുകാർക്കോ ആശയമുള്ളവർക്കോ ദൈവം കൈമാറിയിട്ടില്ല. ദൈവജനം ദൈവത്തിന്റേതാണ്, ആരും അവരുടെ മേൽ കൈവശാവകാശം വയ്ക്കാതിരിക്കുവാൻ ശ്രദ്ധിച്ചാൽ നന്ന്. നമ്മുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ യോഗ്യന്മാരുമായി പങ്കുവയ്ക്കാം, നല്ല ആശയങ്ങൾ നമ്മുടെ ഇടയിൽ ഉണ്ടാകട്ടെ. അപ്പോഴും മറക്കരുത്, ദൈവജനം ദൈവത്തിന്റേതാണ്, ദൈവഹിതം പോലെ മാത്രമേ കാര്യങ്ങൾ പോകാവൂ.

●

What more would you like to see on the pages. Share your experience with us we would love to hear from you.

# കുടുംബം – ദൈവത്തിന്റെ അൾത്താര



**Pr. Biju P. Samuel, West Bengal**

ഒരുകാലത്ത് ക്രിസ്തീയമൂല്യങ്ങൾക്കു സമൂഹത്തിൽ വ്യക്തമായ സ്വാധീനം ഉണ്ടായിരുന്നു. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ക്രിസ്തീയധാർമികത ഒരു മാനദണ്ഡമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ ആ സ്വാധീനം ഇന്നു കൈമോശം വന്നിരിക്കുന്നു. അതിനു കാരണം ക്രിസ്ത്യാനികളുടെതന്നെ സാക്ഷ്യം നഷ്ടപ്പെട്ട ജീവിതവും ദുഷിച്ച മാതൃകയും മൂലമാണ്.

ആത്യന്തികസത്യം (Ultimate Truth) ഇല്ലെന്ന ചിന്ത സമൂഹത്തിൽ വളരുന്നു. ഓരോരുത്തരുടെയും ജീവിതത്തിലെ സത്യവും മിഥ്യയും ശരിതെറ്റുകളും തീരുമാനിക്കുന്നതു അവർ തന്നെയാണെന്ന 'അവനവനിസം' ആണത്.

പൊതുവിദ്യാഭ്യാസരംഗത്തു നമ്മുടെ കുഞ്ഞുങ്ങൾ പഠിക്കുന്നതു വിവിധ തത്വചിന്തകളുടെയും മതങ്ങളുടെയും ധാർമികതകളാണ്. ക്രിസ്ത്യൻ സ്കൂളുകളിൽ പോലും ക്രിസ്തീയ ധാർമികത തുറന്നുപറയാനും പഠിപ്പിക്കാനും പ്രയാസമുള്ള കാലഘട്ടമാണിത്.

ഈ സാഹചര്യത്തിൽ വിശ്വാസത്തിന്റെ അധ്യാപനം കുടുംബത്തിനുള്ളിൽതന്നെ ആരംഭിക്കണം. അടുത്ത തലമുറയെ ദൈവിക മാർഗ്ഗത്തിൽ വളർത്തുന്ന പ്രാരംഭ പാഠശാലയായി കുടുംബം മാറേണ്ടതു അത്യാവശ്യമാണ്.

ദൈവമാണു കുടുംബത്തിന്റെ ശിൽപി. മനുഷ്യരെ അവിടുത്തെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണു ദൈവം സൃഷ്ടിച്ചത് (ഉല്പത്തി 1:26, 27). ദൈവത്തിന്റെ തിരുസ്വഭാവവും മഹത്വവും പ്രതിഫലിപ്പിക്കേണ്ട കണ്ണാടി ആയിട്ടാണു കുടുംബത്തെ ദൈവം രൂപകല്പന ചെയ്തത്.

**കുടുംബം – വിശ്വാസത്തിന്റെ പ്രഥമ വിദ്യാലയം**

ദൈവികസത്യങ്ങളും വിശ്വാസവും ധാർമികമൂല്യങ്ങളും അടുത്ത തലമുറയിലേക്കു കൈമാറേണ്ട മഹത്തായ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്.

'ഈ വചനങ്ങൾ നീ നിന്റെ മക്കളെ പഠിപ്പിക്കണം' എന്നാണു ദൈവിക ആജ്ഞ. കുഞ്ഞുങ്ങളുടെ പ്രഥമ അധ്യാപകരായി ദൈവം നിയോഗിച്ചിരിക്കുന്നതു മാതാപിതാക്കളെ തന്നെയാണ് (ആവർ. 6:6,7).

ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനപാഠങ്ങൾ കുഞ്ഞുങ്ങൾ പരിശീലിക്കേണ്ട പാഠശാലയാണു കുടുംബം. അപ്പനും അമ്മയും മക്കളും ഒരുമിച്ചിരുന്നു ദൈവത്തെ മഹത്വപ്പെടുത്തുന്നതു എത്ര മഹനീയമായ കാഴ്ചയാണ്. അത്തരം കുടുംബങ്ങൾ സമൂഹത്തിനു ഉത്തമമായ സാക്ഷ്യവും കൈമാറുന്നു.

**നഷ്ടപ്പെട്ട അൾത്താരങ്ങൾ**

ഭൗതികസമൃദ്ധിയും സൗകര്യങ്ങളും കുറവായിരുന്ന പഴയകാലത്ത്, കുടുംബാംഗങ്ങൾ ഒത്തുകൂടി പ്രാർത്ഥിച്ച ദിവസങ്ങൾ നമുക്കുണ്ടായിരുന്നു. അന്നു ഭക്ഷണം കുറവായിരുന്നു; പക്ഷേ സന്തോഷവും സമാധാനവും സമൃദ്ധമായിരുന്നു. ഇന്നു സമ്പത്തു കൂടുതലാണ്; എന്നാൽ ആരാധനയും ദൈവാശ്രയവും അന്യമായി.

ഇന്ന്, വീടുകളിൽ ലോകത്തിന്റെ ശബ്ദവും സാത്താന്യ നൃത്തവുമാണ് കൂടുതൽ ഉയരുന്നത്. ജീവിതത്തിന്റെ തിരക്കിൽ നാം കുടുംബ പ്രാർത്ഥനയും ആരാധനയും ഉപേക്ഷിച്ചു. ആത്മീയതയുടെ അളവുകോൽ ഭൗതിക സമൃദ്ധിയായി ചുരുങ്ങി.

ഭൗതികസമൃദ്ധിക്കുള്ള കുറുക്കുവഴിയായി ദൈവാശ്രത്തെയും ആരാധനയേയും നാം വികലമാക്കി മാറ്റി. ഫലം...? ദൈവഭയം നഷ്ടപ്പെട്ട ഒരു തലമുറ രൂപപ്പെട്ടു. കുടുംബത്തിൽ അസ്വാരസ്യങ്ങളും അസ്വസ്ഥതയും വർദ്ധിച്ചു. സാക്ഷ്യജീവിതവും നഷ്ടപ്പെട്ടു. പല കുടുംബങ്ങളിലും ബന്ധങ്ങൾ ശിഥിലമായി മൃതാവസ്ഥയിൽ ആയി.

വിശുദ്ധ ബൈബിളിലെ ഭക്തർക്ക്, സമ്പത്തിനും സൗഭാഗ്യത്തിനും വേണ്ടിയുള്ള കുറുക്കുവഴി അല്ലായിരുന്നു ആരാധന.

അബ്രഹാം ചെന്നയിടങ്ങളിലൊക്കെ യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചതു ദൈവാശ്രയത്തിന്റെ പ്രഖ്യാപനമായിരുന്നു. ആരാധന അവർക്കു ദൈവസമ്പർക്കം ആയിരുന്നു.

**ദൈവം - നമ്മുടെ കുടുംബത്തിന്റെ പിതാവ്**

യേശുക്രിസ്തു ദൈവത്തെ 'പിതാവ്' എന്നാണു വിളിച്ചത്. ആ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരെല്ലാം അവിടുത്തെ കുടുംബാംഗങ്ങൾ ആണെന്നും യേശു വെളിപ്പെടുത്തി (മത്തായി 12:4950). പിതാവായ ദൈവം നായകനായ ഒരു കുടുംബം. ആ പിതാവായ ദൈവമാണു സകല കുടുംബത്തിനും പേരുവരുവാൻ കാരണമായത്. അതുകൊണ്ടുതന്നെ ദൈവിക കാഴ്ചപ്പാടിൽ കുടുംബത്തിനും കുടുംബത്തിലെ ആരാധനയ്ക്കും വലിയ പ്രാധാന്യമുണ്ട്.

**മടങ്ങിവരാനുള്ള സമയം**

കുടുംബത്തകർച്ചയുടെ കാരണം അന്വേഷിച്ചു ദൂരെയെങ്ങും പോകേണ്ടതില്ല. ദൈവമഹത്വവും ദൈവാരാധനയും ഉയരേണ്ട വീടുകൾ ലോകവഴികളിലേക്കു തിരിഞ്ഞാൽ അവിടെ ആത്മീയശൂന്യതയല്ലേ വളരൂ?

ഇനിയെങ്കിലും, നാം പണിയേണ്ടതു രമ്യഹർമ്മങ്ങൾ അല്ല. കുടുംബത്തിന്റെ തകർന്നുപോയ യാഗപീഠമാണ്. അവിടെ അർപ്പിക്കേണ്ടതു സ്വയത്തെയാണ്. അപ്പോഴേ ദൈവമഹത്വം അവിടെ ഉയരൂ...

നമ്മുടെ വീടുകൾ വീണ്ടും ദൈവാലയങ്ങളും ദൈവവചനപഠന കേന്ദ്രങ്ങളും ആകണം. കുടുംബ പ്രാർത്ഥനയുടെ അൾത്താരങ്ങളായി കുടുംബങ്ങൾ മാറണം.

അവിടെ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ചാൽ കുടുംബം പണിയപ്പെടും, സഭ ശക്തമാകും, തലമുറകൾ അനുഗ്രഹിക്കപ്പെടും.

അതിന്റെ പ്രതിഫലനങ്ങൾ സമൂഹത്തിലും അലയടിക്കാതിരിക്കുമോ?

●

മിഷ്യൻ ചിന്തകൾ

# മത പരിവർത്തന നിയമം

ഈ കാലയളവിൽ തുടർച്ചയായി കേട്ടുവരുന്ന ഒരു വിഷയമാണ് മതപരിവർത്തന നിരോധന നിയമം. ഇന്ത്യയിൽ ഭരണഘടനയുടെ 25-ാം വകുപ്പനുസരിച്ച് ഏതൊരു ഇന്ത്യൻ പൗരനും ഏതു മതവും സ്വീകരിക്കാനും അതനുസരിച്ചു ജീവിക്കുവാനും അതു പ്രസംഗിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള അധികാരമുണ്ട്. അപ്പോൾ തന്നെ ചില സംസ്ഥാനങ്ങൾ കാലാകാലങ്ങളായി മതപരിവർത്തന നിരോധന ബില്ല് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2026-ാം ആണ്ട് ആഗസ്റ്റ് 28-ാം തീയതി മഹാരാഷ്ട്രയിലും ഈ നിയമം നടപ്പിലാക്കിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഒരു ക്രിസ്ത്യാനിക്കു എങ്ങനെ വിശ്വസ്തതയോടും ക്ഷമയോടും കൂടെ ദൈവത്തിന്റെയും മനുഷ്യരുടെ മുൻപാകെ ജീവിക്കുവാൻ കഴിയും, എങ്ങനെ ക്രിസ്തീയ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും എന്നിങ്ങനെയുള്ള കാര്യങ്ങൾ തിരുവചനാടിസ്ഥാനത്തിൽ നമുക്കു നോക്കാം.

അധികാരസ്ഥരുടെ ഭാഗത്തുനിന്നും എതിർപ്പുകളും തടസങ്ങളും വരുമ്പോഴും നമുക്കെതിരെ നിയമങ്ങൾ ഉണ്ടാകുമ്പോഴും നാം നോക്കേണ്ടതു ദൈവമുഖത്തേക്കും ദൈവവചനത്തിലേക്കും ആണല്ലോ. എസ്ഥേർ രാജ്ഞിയും മോർദ്ദേഖായിയും ശൂശനിലുള്ള സകല യെഹൂദന്മാരും മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു (എസ്ഥേ. 4:16) എന്നും നിമയങ്ങൾ തിരുത്തി എഴുതപ്പെട്ടു എന്നു നാം വായിക്കുന്നു. ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ, ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതോ പ്രാർത്ഥിക്കുന്നതോ ഉപവസിക്കുന്നതോ വചനം ധ്യാനിക്കുന്നതോ യേശുവിന്റെ ദിവ്യസ്വഭാവത്തോടു നാം അനുരൂപരാകുന്നതിനോ ഒന്നും നിയമ തടസ്സങ്ങളില്ല. നിയമം മൂലം ഭയപ്പെടാത്ത കാര്യങ്ങൾ ചെയ്യുവാൻ നമുക്കു ഈ കാലയളവിൽ സാധിക്കട്ടെ. മതപരിവർത്തന നിരോധന നിയമം പാസ്സാക്കിയിട്ടുള്ള സംസ്ഥാനങ്ങളിൽ സുവിശേഷീകരണം നടത്തപ്പെടുന്നത് തടയപ്പെട്ടിരിക്കുന്നു. സുവിശേഷീകരണം സഭയുടെ നട്ടെല്ലാണെന്നു മനസ്സിലാക്കി, ആ മർമ്മത്തിലാണ് നിയമം മൂലം പിടിമുറുക്കിയിരിക്കുന്നതും.

യേശു ശിഷ്യന്മാരോടു പറഞ്ഞതു ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ (മത്താ. 16:24). ഇവിടെ ചില പദങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. ആരെങ്കിലും, എല്ലാവരുമല്ല, ഇച്ഛിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ നിർബന്ധത്താൽ അല്ല സ്വയമേ തന്റെ ക്രൂശെടുത്തു യേശുവിനെ പിൻചെല്ലുന്നവരാണ് ക്രിസ്ത്യാനികൾ.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ക്രിസ്തീയ ജീവിതവും പ്രവർത്തനങ്ങളും ആകമാനം തെറ്റിദ്ധരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ നാം വളരെ ജാഗ്രയുള്ളവരും അറിവുള്ളവരുമായിരിക്കേണം. എന്തിനേറെ ക്രിസ്ത്യാനികൾ ചെയ്യുന്ന ആതുര സേവനങ്ങൾ പോലും തെറ്റിദ്ധരിക്കപ്പെടുന്നു. ക്രിസ്തീയ സഭകൾ എക്കാലവും ആതുര സേവനങ്ങൾക്കും വിദ്യാഭ്യാസത്തിനും പ്രാധാന്യം കൊടുത്തിരുന്നു. എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു. അതിഥി ആയിരുന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടു. എന്റെ ഏറ്റം ചെറിയഈ സഹോദരനു ചെയ്തതു എനിക്കു ചെയ്തിരിക്കുന്നു എന്നു പറഞ്ഞ യേശുദേവന്റെ വാക്കുകളെ ശിരസ്സാ വഹിച്ച ക്രിസ്ത്യാനികൾ തങ്ങളുടെ പ്രവർത്തനങ്ങളിൽ ആതുര സേവനം ലഭിച്ചു ചേർത്തിരുന്നു. നാം ഭക്ഷിച്ചില്ലെങ്കിലും ഭക്ഷണമില്ലാത്തവനു ഭക്ഷണം കൊടുക്കുകയും നാം നമ്മുടെ ചിലവുകളെ വെട്ടിക്കുറച്ചു വസ്ത്രമില്ലാത്തവനെ ഉടുപ്പിക്കുകയും ചെയ്ത പാരമ്പര്യമാണ് യഥാർത്ഥ ക്രിസ്ത്യാനികൾക്കുള്ളത്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ക്രിസ്ത്യാനികൾക്കു എന്തുകിട്ടും എന്നു ചിന്തിക്കുമാറ് നാം നമ്മെത്തന്നെ ശോഷിപ്പിച്ചുകൊണ്ട് മറ്റുള്ളവരെ ബലപ്പെടുത്തി എന്ന കാര്യം ഈ ലോകം സമ്മതിച്ചില്ലെങ്കിലും ഉയരത്തിലെ ദൈവം അറിയുന്നുണ്ട്.

മാറി വരുന്ന നിയമങ്ങളുടെ തണലിൽ ഏതെങ്കിലും അന്യായമായ എതിർപ്പുകൾ ഉണ്ടായാൽ നാം വികാര ഭരിതരാകാതെ അവരെ ശത്രുക്കളായി കാണാതെ സഭാനേതൃത്വവുമായി ആലോചിച്ചു പ്രാർത്ഥനയോടെ ഒരു വക്കീലിനെ കാണുക ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ അത്രേ ദൈവം നമുക്കു തന്നത്.

ഒരു പാസ്റ്ററോ തന്റെ കുടുംബമോ സുവിശേഷ വിരോധികളാൽ ആക്രമിക്കപ്പെട്ടാൽ സഭ ആത്മീയമായും ഭൗതീകമായും തന്നോടു കൂടെ നിന്നു ആ പ്രശ്നത്തെ നേരിടേണമെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (അ.പ്ര. 22:25). പൗലോസ് ശതാധിപനോടും റോമാപൗരനും വിസ്താരം കഴിയാത്തവനുമായ എന്നെ ചമ്മട്ടികൊണ്ട് അടിക്കുന്നത് വിഹിതമോ എന്നു ചോദിച്ചു. ഇതുപോലെ എല്ലാ ക്രിസ്ത്യാനികളും അവരുടെ അവകാശങ്ങളെപ്പറ്റി അറിവുള്ളവരായിരിക്കണം. നമ്മുടെ ശക്തിയും ആശ്രയവും സർവ്വശക്തനായ ദൈവത്തിലാണ് (സങ്കി. 121:2). നമ്മുടെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നും വരുന്നു. ദൈവത്തിലാശ്രയിക്കുന്ന നമുക്കു പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ് (നെഹ. 4: 9). നെഹമ്യാവും ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. കൂടാതെ എതിർത്തവർ നിമിത്തം രാവും പകലും കാവൽക്കാരെയും ആക്കി. പരിജ്ഞാനം നമ്മുടെ വിശ്വാസത്തിനു എതിരല്ല എന്നു നെഹമ്യാവു നമ്മെ പഠിപ്പിക്കുന്നു. വരും ദിവസങ്ങളിൽ പരിജ്ഞാനത്തോടും ദൈവഭക്തിയോടും കൂടെ ജീവിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ. ●



**Evg. Varghese Kollakompil**
Mission Director
IPC Maharashtra

# HEBRON BIBLE COLLEGE

## ESTABLISHED IN 1992




**Vision :**
**Light up the villages of Maharashtra through living word.**

Fully owned and managed by IPC Maharashtra State

- Diploma in Theology (D.Th)
  Hindi Medium - 2 Years full time course.
- Food and accommodation free
- Day scholars are indeed permitted from in and around Panvel

**34 Years of God's Faithfulness**

| Pr. P.M. Cherian | Pr. K.M. Varghese | Pr. K.A. Mathew | Evg. Varghese Kollakompil |
|---|---|---|---|
| *President* | *Vice-President* | *Secretary)* | *Administrator* |

# PRAY FOR MAHARASHTRA






Pray for Maharashtra & its
12.96 Crore people

SUVARTHA - Registered with Registrar of News Papers for India Under Licence No. 56985-93

## Scenes from our different churches












## Scenes from Agape Bible training program in Amravati


